## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3655 — 17.10.2011-ൽ മറുപടിക്ക്

### നാദാപുരം മണ്ഡലത്തിൽ ജനനി ശിശു സുരക്ഷ യോജന പ്രകാരമുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ.വിജയൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലെ ജനനി ശിശു സുരക്ഷാ യോജനയുടെ പ്രവർത്തനം വിശദമാക്കാമോ ; | (എ) സമൂഹത്തിലെ ദുർബല വിഭാഗത്തിലെ സ്ത്രീകളുടെയിടയിലെ പ്രസവം ആശുപത്രികളിൽ വച്ചുതന്നെ ഉറപ്പാക്കാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ യോജന. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2005 ഏപ്രിൽ മുതലാണ് ഈ പരിപാടി നടപ്പിൽ വന്നുതുടങ്ങിയത്. പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു.<br>• ഗ്രാമീണമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപയും<br>• നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപയും<br>• വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും<br>• അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.<br>ഗവൺമെന്റ് ആശുപത്രികളിലും അംഗീകൃത സ്വകാര്യ ആശുപത്രികളിലും വച്ച് പ്രസവിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ സ്ത്രീകൾക്കും ഈ ആനുകൂല്യം ലഭ്യമാണ്. ബി.പി.എൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, റവന്യൂ അധികൃതരിൽ നിന്നോ ലഭിക്കുന്ന |

| | | |
|---|---|---|
| | | സാക്ഷ്യപത്രം മതിയാകുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ബി.പി.എൽ സർട്ടിഫിക്കറ്റ് ആവശ്യമില്ല.<br>പണം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം അതാത് സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർക്കോ/സൂപ്രണ്ടിനോ ആണ്. ധന സഹായം കൊടുത്തുകഴിഞ്ഞാൽ അത് റേഷൻ കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യും. ഡിസ്ചാർജ്ജ് ചെയ്യുന്നതിനു മുമ്പ് ഒറ്റത്തവണയായിട്ടായിരിക്കും പണം നൽകുക. |
| (ബി) | നാദാപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ എത്ര പേർക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) നാദാപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ് ഉണ്ടെങ്കിലും അനസ്തെറ്റിസ്റ്റ് ഇല്ലാത്തതിനാൽ ശസ്ത്രക്രിയ ചെയ്യാറില്ല. അതിനാൽ രോഗികൾ അടുത്തുള്ള മാഹി ആശുപത്രിയെയാണ് സമീപിക്കാറുള്ളത്. പ്രസവതീയതിയോടടുത്തുള്ള ദിനം വരെ എല്ലാ ശുശ്രൂഷയും നാദാപുരം ആശുപത്രിയിൽ നിന്നും നൽകിവരുന്നുണ്ട്. ആയതിനാൽ ബന്ധപ്പെട്ട രോഗികൾ മാഹി സർക്കാർ ആശുപത്രിയിൽ നിന്നും ശസ്ത്രക്രിയ ചെയ്തുകഴിഞ്ഞാൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ജെ.എസ്.വൈ പദ്ധതിയിൽ നിന്നും പണം നൽകാറുണ്ട്. ഇപ്രകാരം 37 പേർക്ക് ജെ.എസ്.വൈ സേവനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ